നിഗളിക്കരുതേ, ഞാനും നീയും വെറുമൊരു പൂജ്യം!

തോമസ് ഫിലിപ്പ്, റാന്നി

ഒരു മമുഷ്യൻ ഉയർന്നാൽ എത്രത്തോളം അവൻ ഉയരും? അവന്റെ പ്രശസ്തിയും പ്രതാപവും മഹത്വവും സ്ഥാനമാനങ്ങളും എത്രത്തോളം നിലനിൽക്കും? നേടിയാലോ എത്രമാത്രം നേടാനും അനുഭവിക്കുവാനും അവന് കഴിയും? ഒരു മനുഷ്യൻ അഹങ്കരിച്ചാലും എത്രമാത്രം അവൻ അഹങ്കരിക്കും?

ഇതൊക്കെ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർ, ചരിത്രം പുറകോട്ടു തിരിഞ്ഞൊന്ന് പരിശോധിച്ചാൽ മതി. ജീവിതത്തിൽ കാൽ ഇടറി വീണിട്ടുള്ളവരെല്ലാം അഹങ്കരിച്ച് വീണിട്ടുള്ളവരാകുന്നു. നീതിമാന്മാരും ധാരാളമായിട്ട് വീണിട്ടുണ്ട്. പക്ഷേ അതിനൊരു സവിശേഷതയുണ്ട്. അത് ഇതാണ്. 'നീതിമാൻ ഏഴു പ്രാവിശ്യം വീണാലും എഴുന്നേൽക്കും'. അതാണവന്റെ വിജയം. അതിന്റെ കാരണമോ ദൈവകൃപയുമാകുന്നു!

മനുഷ്യന്റെ മഹത്വം ആകാശം വരെയും വർദ്ധിച്ച് ആധിപത്യം ഭൂമിയുടെ അറുതിവരെയും വ്യാപിച്ച് പ്രതാപശാലിയായി വാണിരുന്ന ബാബേൽ രാജാവായിരുന്ന നെബുഖദ്നേസറിന്റെ അഹങ്കാരം അതിരു കടന്നപ്പോൾ ദൈവം അവനെ മനുഷ്യരുടെ ഇടയിൽ നിന്നു നീക്കി കാട്ടുമൃഗങ്ങളുടെ കൂടെ കാളയെപ്പോലെ പുല്ലു തീറ്റിച്ച ഒരു സംഭവത്തെ ബൈബിളിൽ വിവരിക്കുന്നുണ്ട്. ദൈവം അങ്ങനെ മനുഷ്യരുടെ ഇടയിൽ നിന്നു നീക്കിയ അവന്റെ രോമം കഴുകന്റെ തൂവൽ പോലെയും അവന്റെ നഖം പക്ഷിയുടെ നഖം പോലെയും വളരുന്നതു വരെ അവൻ കാള എന്ന പോലെ പുല്ലുതിന്നുകയും അവന്റെ ദേഹം ആകാശത്തിലെ മഞ്ഞു കൊണ്ട് നനയുകയും ചെയ്തു എന്നാണ് ബൈബിൾ വർണ്ണിക്കുന്നത്.

നോക്കണേ പ്രതാപശാലിയായി വാണിരുന്ന ഒരു രാജാവിന്റെ ദയനീയമായ പതനം! 'മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പു കേറ്റുന്ന' സർവ്വശക്തന്റെ കരങ്ങൾ മനുഷ്യജീവിതത്തിൽ ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മലയാളത്തിലെ പ്രശസ്തനായ ഒരു സിനിമാനടൻ ഒരു മാസമായി ഇപ്പോൾ ജയിലിൽ കിടക്കുന്നു. ആരെങ്കിലും വിചാരിച്ചിരുന്നതാണോ മലയാള സിനിമയിലെ ഒരു താരരാജാവിന് ഇങ്ങനെ ജയിലിൽ കിടക്കേണ്ടി വരുമെന്ന്. മഹാജ്ഞാനിയായിരുന്ന സോളമൻ പറഞ്ഞു. 'നാശത്തിനു മുമ്പേ ഉന്നതഭാവം' എന്ന്. ഇത് സത്യമാണോ എന്ന് പരിശോധിച്ചാലും. സ്വയപരിശോധന കൂടാത്ത ജീവിതം ജീവിതമേ അല്ലെന്ന് സോക്രട്ടീസ് പറഞ്ഞിട്ടുണ്ട്.

അമേരിക്കൻ മലയാളികളുടെ ഇടയിലും വിവിധങ്ങളായ അവരുടെ കർമ്മ മണ്ഡലങ്ങളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങളിലും പുരോഗതിയിലും പ്രശസ്തിയിലുമൊക്കെ നിഗളിച്ച് ജീവിക്കുന്നവരുണ്ട്. അതിന് ഇടയാക്കിയ മറ്റുള്ളവരുടെ വിലയേറിയ സേവനങ്ങളുടെ വില അവർ അറിയുന്നുമില്ല. സ്വന്തം തെറ്റുകൾ കാണാതെ സ്വയ നീതാകരണത്തോടു കൂടി ഉന്നതഭാവം പുലർത്തി തങ്ങളുടെ താൽക്കാലിക വളർച്ചയിലും നേട്ടങ്ങളിലും അഭിരമിച്ച് ജീവിക്കുന്ന അങ്ങനെയുള്ളവരോട് വിനീതമായി എനിക്ക് പറയുവാനുള്ളത് എത്ര ഉയരത്തിൽ എത്തിയാലും ശരി താഴത്തു വന്നെങ്കിലേ സമ്മാനമുള്ളൂ എന്നാണ്. മാത്രമല്ല, സ്വന്തമെന്ന് അവകാശപ്പെടുവാൻ എന്റെയും നിങ്ങളുടെയും കയ്യിൽ ഇന്ന് യാതൊന്നുമില്ലെന്നറിഞ്ഞാലും. സത്യത്തിൽ, ജീവിതത്തിൽ ഞാനും നിങ്ങളും വെറുമൊരു പൂജ്യം മാത്രം. താൻ വലിയ എന്തൊക്കെയോ ആണെന്ന് ഭാവിച്ച് ജീവിക്കുന്നവൻ കോടാനുകോടി ഗോളങ്ങൾ കൊണ്ട് നിറയപ്പെട്ട അതിവിസ്തൃതമായ ഈ അത്ഭുത പ്രപഞ്ചത്തിൽ കിണറ്റിൽ വസിക്കുന്ന ഒരു തവളയ്ക്ക് തുല്യം! ഇന്നു നമുക്കുള്ള എല്ലാ കഴിവുകളും ബുദ്ധിയും സിദ്ധിയും മൂല്യങ്ങളുമൊക്കെ ദൈവീകദാനങ്ങളുമാകുന്നു. എന്നുല്ള സത്യവും നാം മറക്കാതിരിക്കുക. സങ്കല്പത്തെയും ജീവിപ്പിക്കുകയും ചലിപ്പിക്കുകയും അവികലമായി വളർത്തുകയും ചെയ്യുന്ന ദൈവകൃപയെ മാനിച്ചും ആദരിച്ചും ജീവിക്കുന്നവർ ബുദ്ധിമാന്മാരും ബുദ്ധിമതികളുമാകുന്നു! അതിന് ദൈവം നമ്മേ സഹായിക്കട്ടെ.